"സെൻട്രൽ സോയിൽ പ്ലാന്റ് ഹെൽത്ത് സെന്റർ" തിരുവനന്തപുരം പാറോട്ടുകോണത്ത് പ്രവർത്തനസജ്ജമാക്കുന്നതിന് ദ്രുതഗതിയിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

21. ദേശീയ ജൈവ കൃഷി ഇൻസ്റ്റിറ്റ്യൂട്ടോ (എൻ. ഐ. ഒ. എഫ്) അതുമല്ലെങ്കിൽ അതിന്റെ റിജീയണൽ സെന്ററോ കേരളത്തിൽ തുടങ്ങണമെന്ന് കേന്ദ്ര സർക്കാരിനോട് അപേക്ഷിച്ചിരുന്നു. എന്നാൽ പ്രസ്തുത ആവശ്യം കേന്ദ്ര സർക്കാർ നിരസിക്കുകയുണ്ടായി.

(ഡി & ഇ) കേന്ദ്ര സർക്കാർ തലത്തിൽ നടപടി സ്വീകരിക്കേണ്ട ശുപാർശകളടങ്ങിയ സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് ബന്ധപ്പെട്ട മന്ത്രാലയങ്ങൾക്ക് അയച്ചു കൊടുക്കുകയും അവയിൽ അടിയന്തിരമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയുമുണ്ടായി. കൂടാതെ ഇക്കാര്യങ്ങൾ പ്രത്യേകമായി ചൂണ്ടിക്കാട്ടി ഇവയിൽ തുടർ നടപടി ഉണ്ടാകണമെന്ന് പ്രത്യേക നിവേദനങ്ങളും ബന്ധപ്പെട്ടവർക്ക് നല്കിയിട്ടുണ്ട്.

ഇൻഫർമേഷൻ കേരള മിഷൻ

*15 [498] ശ്രീ. എൻ. ശക്തൻ:

,, ജോർജ്ജ് ജെ. മാത്യു:

,, തമ്പാനൂർ രവി:

,, ടി. യു. രാധാകൃഷ്ണൻ:

,, ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഫർമേഷൻ കേരള മിഷൻ പ്രവർത്തനം ആരംഭിച്ചതെന്നാണ്;

(ബി) ഇതിന്റെ ഉത്തരവാദിത്വങ്ങൾ വിശദമാക്കാമോ;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ കമ്പ്യൂട്ടർവഴി ബന്ധിപ്പിക്കുന്നത് ഐ. കെ. എം.-ന്റെ കർത്തവ്യമായിരുന്നോ എന്ന് വ്യക്തമാക്കാമോ;

(ഡി) ഇതുവരെ അക്കാര്യത്തിലുണ്ടായ നേട്ടം വിശദമാക്കാമോ;

(ഇ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ കമ്പ്യൂട്ടർ മുഖേന ബന്ധിപ്പിക്കുന്നതിന് ഇതുവരെയും എന്തു തുക ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള):

(എ) 12-8-1999-ൽ.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ കമ്പ്യൂട്ടർ ശൃംഖല മുഖേന ആസൂത്രണ ബോർഡുമായി ബന്ധപ്പെടുത്തുക.

2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ മോണിട്ടർ ചെയ്യുന്നതിന് സംവിധാനമുണ്ടാക്കുക.

3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ പ്രവർത്തനങ്ങൾ ആട്ടോമാറ്റ് ചെയ്യുന്നതിന് സംവിധാനം ഉണ്ടാക്കുക.

4. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കമ്പ്യൂട്ടർ ഉപയോഗിക്കുന്നതിന് പരിശീലനം ലഭിച്ച മാനവശേഷി ലഭ്യമാക്കുക.

(സി) ഐ. കെ. എം.-ന്റെ കർത്തവ്യമാണ്.

(ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് ആവശ്യമായ സോഫ്റ്റ്വെയറുകളുടെ പല പതിപ്പുകൾ ഐ. കെ. എം. വികസിപ്പിക്കുകയും അവയിൽ മുൻഗണനകളനുസരിച്ച് ചില പാക്കേജുകൾ പൈലറ്റ് അടിസ്ഥാനത്തിൽ 5 പഞ്ചായത്തുകളിലും 4 കോർപ്പറേഷനുകളിലും വിന്യസിച്ച് പ്രവർത്തനക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ 147 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽക്കൂടി ഡാറ്റാ എൻട്രി സോഫ്റ്റ്വെയറുകൾ വിന്യസിച്ചിട്ടുണ്ട്. പൊതു സ്വകാര്യ പങ്കാളിത്ത രീതിയിൽ പദ്ധതി നടപ്പാക്കുന്നതിന് സ്വകാര്യ-പങ്കാളിയെ ടെണ്ടറിലൂടെ തെരഞ്ഞെടുക്കുന്നതിനുള്ള ചുമതല കെ. എസ്. ഐ. ഡി. സി-യെ ഏൽപ്പിച്ചു കഴിഞ്ഞു. ഇതിനായുള്ള പ്രീ-ക്വാളിഫിക്കേഷൻ ടെണ്ടർ 19-7-2004-ന് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

(ഇ) 31-3-2004 വരെ 10.86 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

കെട്ടിട നികുതി പുനർ നിർണ്ണയം

*16 [499] ശ്രീ. റോഷി അഗസ്റ്റിൻ:

,, തോമസ് ചാഴികാടൻ:

,, കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെട്ടിട നികുതി പുതുക്കി നിശ്ചയിച്ചിട്ട് എത്ര വർഷമായി എന്നറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly